36/27/2018

(Pages : 4) + Outline Map of India

**ME 538**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2018.

## SOCIAL SCIENCE

(Malayalam)

Time : 2½ Hours

Total Score : 80

**നിർദ്ദേശങ്ങൾ :**

- ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്.
- സ്കോറും സമയവും പരിഗണിച്ചുവേണം ഉത്തരമെഴുതുവാൻ.
- Part - A -യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. Part - B -യിലെ ഓരോ ചോദ്യ നമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

Score

### PART - A

1. 1934 -ൽ ബോംബെയിൽ ചേർന്ന സമ്മേളനത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകുന്നതിന് നേതൃത്വം നൽകിയതാരായിരുന്നു ? 1

   (A) ഭഗത് സിംഗ്  (B) ജയപ്രകാശ് നാരായൺ

   (C) രാജ്ഗുരു  (D) വി. ഡി. സവർക്കർ

2. ചുവടെ ചേർത്തിട്ടുള്ളതിൽ കാവേരി നദിയുടെ പോഷക നദിയേത് ? 1

   (A) ഇന്ദ്രാവതി  (B) കബനി

   (C) ശബരി  (D) ഭീമ

3. ഇന്ത്യയിലെ ഏറ്റവും വലിയ കൃഷിയധിഷ്ഠിത വ്യവസായമേത് ? 1

4. രാഷ്ട്രത്തിന്റെ അദൃശ്യവും വിഭജിക്കാൻ പറ്റാത്തതുമായ അടിസ്ഥാന ഘടകം ഏതാണ് ? 1

5. സഹകരണ ബാങ്കുകളുടെ ഏതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ എഴുതുക. 3

6. ശിപായിമാരുടെ ദുരിതങ്ങളും രാജാക്കന്മാരുടെ പ്രശ്നങ്ങളും 1857-ലെ ഒന്നാം സ്വാതന്ത്ര്യ-സമരത്തിന് കാരണമായതെങ്ങനെ ? വിശദമാക്കുക. 4

7. രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകൾ എന്നാലെന്ത് ? അത്തരം ചുമതലകൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക. 3

Score

8. വാണിജ്യബാങ്കുകൾ പ്രചലിത അക്കൗണ്ട് ഉടമകൾക്ക് അവരുടെ അക്കൗണ്ടിലുള്ളതിനേക്കാൾ പണം പിൻവലിക്കാൻ സൗകര്യം നല്കുന്നു. മേൽ പ്രസ്താവനയിൽ സൂചിപ്പിച്ചിട്ടുള്ള വാണിജ്യ ബാങ്കിന്റെ ഈ സേവനം ഏത് പേരിൽ അറിയപ്പെടുന്നു ? 1

9. മൺസൂൺ കാറ്റിന്റെ അറബിക്കടൽ ശാഖയുടെ മുന്നേറ്റത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. 3

10. ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന പരിഹാരങ്ങൾ എഴുതുക. 4

11. തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക എന്നത് നിസ്സഹകരണ സമരത്തിന്റെ സവിശേഷതകളിൽ ഒന്നായിരുന്നു. മറ്റ് സവിശേഷതകൾ എന്തെല്ലാം ? 4

12. പങ്കാളിത്ത നിരീക്ഷണ പഠനവും പങ്കാളിത്തരഹിത നിരീക്ഷണ പഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ? 3

13. സംസ്ഥാന ഹൈവേകൾ, ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവയുടെ നിർമ്മാണ – നിർവഹണ ചുമതലകൾ വ്യക്തമാക്കുക. 3

14. ചുവടെ നൽകിയിട്ടുള്ളവയെ കാലഗണനയ്ക്കനുസരിച്ച് ക്രമപ്പെടുത്തി എഴുതുക. 4

- കുണ്ടറ വിളംബരം
- പണ്ടാരപ്പാട്ട വിളംബരം
- ആറ്റിങ്ങൽ കലാപം
- കുളച്ചൽ യുദ്ധം

15. ചുവടെ തന്നിരിക്കുന്ന ഭൂവിവരങ്ങളെ നല്കിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(A) മഹാനദി (B) ഡക്കാൻ പീഠഭൂമി

(C) മുംബൈ തുറമുഖം (D) കച്ച് ഉപദ്വീപ്

Score

## PART - B

16. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ഏതെല്ലാം ? 3

**അല്ലെങ്കിൽ**

ഇന്ത്യയിൽ ദേശീയത രൂപപ്പെടുത്തുന്നതിൽ ദേശീയ വിദ്യാഭ്യാസം എത്രത്തോളം പങ്ക് വഹിച്ചിട്ടുണ്ട് ? വിശദമാക്കുക.

17. അന്തരീക്ഷമർദ്ദവുമായി ബന്ധപ്പെട്ട് ചുവടെ നല്കിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3
   (A) അന്തരീക്ഷമർദ്ദം അളക്കുന്ന ഉപകരണമേത് ?
   (B) അന്തരീക്ഷമർദ്ദം രേഖപ്പെടുത്തുന്ന ഏകകമേത് ?
   (C) ശരാശരി അന്തരീക്ഷമർദ്ദം എത്രയാണ് ?

**അല്ലെങ്കിൽ**

ഹേമന്തകാലത്തെക്കുറിച്ച് ഒരു ലഘുവിവരണം തയാറാക്കുക.

18. മാനവവിഭവശേഷി വികസനത്തിന്റെ വ്യത്യസ്ത തലങ്ങൾ വിശദീകരിക്കുക. 4

**അല്ലെങ്കിൽ**

സർച്ചാർജ്ജ്, സെസ്സ് എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

19. താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും രണ്ടെണ്ണത്തെക്കുറിച്ച് ലഘുകുറിപ്പുകൾ തയ്യാറാക്കുക. 4
   - ലോക്പാൽ
   - ലോകായുക്ത
   - ഓംബുഡ്സ്മാൻ

**അല്ലെങ്കിൽ**

പൗരബോധം എന്ന ആശയം വിശദമാക്കുക. പൗരബോധമുള്ള പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും രണ്ട് ഉദാഹരണങ്ങൾ എഴുതുക.

20. ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് ദിനബന്ധുമിത്ര നൽകിയ സംഭാവനകളെ അടിസ്ഥാനമാക്കി കുറിപ്പെഴുതുക. 3

**അല്ലെങ്കിൽ**

സ്വതന്ത്ര ഇന്ത്യ സാമ്പത്തിക രംഗത്ത് കൈവരിച്ച ഏതെങ്കിലും മൂന്ന് നേട്ടങ്ങൾ എഴുതുക.

Score

21. ആഗോളമർദ്ദമേഖലകൾ എന്നാലെന്ത് ? 5
മധ്യരേഖാ ന്യൂനമർദ്ദമേഖലയും ധ്രുവീയ ഉച്ചമർദ്ദമേഖലകളും രൂപപ്പെടുന്ന സാഹചര്യം വിശദമാക്കുക.

**അല്ലെങ്കിൽ**

അയനാന്തദിനങ്ങളും വിഷുവങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ഉൾക്കൊള്ളിച്ച് വിവരണം തയാറാക്കുക.

22. ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യ പുരോഗതിയിൽ പങ്കാളികളാകുന്നുവെന്ന് വിശദമാക്കുക. 4

**അല്ലെങ്കിൽ**

ധനനയത്തിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുക.

23. ഉദ്യോഗസ്ഥവൃന്ദത്തിന്റെ ലക്ഷ്യങ്ങളും ചുമതലകളും എന്തെല്ലാം ? 4

**അല്ലെങ്കിൽ**

പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി എന്താണ് ? ഇത് മറികടക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

24. റഷ്യയിൽ ബോൾഷെവിക്കുകൾ അധികാരത്തിൽ വരാൻ ഇടയായ സാഹചര്യം വിശദമാക്കുക. 6
ലെനിൻ അധ്യക്ഷനായ കാബിനറ്റ് കൈക്കൊണ്ട നടപടികൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ വിശദീകരിക്കുക

25. ഭൂസ്ഥിര ഉപഗ്രഹങ്ങളെക്കുറിച്ച് ലഘുവിവരണം തയാറാക്കുക. 4

**അല്ലെങ്കിൽ**

പട്ടികയിൽ നല്കിയിട്ടുള്ള ഭൂപട ചിഹ്നങ്ങൾ ഓരോന്നും ഏതൊക്കെ ഭൂവിവരങ്ങളെയാണ് സൂചിപ്പിക്കുന്നത് ?

| | ചിഹ്നം | നിറം |
|---|---|---|
| (A) |  | കറുപ്പ് |
| (B) |  | ചുവപ്പ് |
| (C) |  | തവിട്ട് |
| (D) |  | ചുവപ്പ് |

- o O o -